**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1235

04.12.2014-ലെ മറുപടിക്ക്

**പട്ടയം വിതരണത്തിലെ കാലതാമസം**

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.റ്റി.യു.കുരുവിള<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.തോമസ് ഉണ്ണിയാടൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) അർഹരായ വിവിധ ജനവിഭാഗങ്ങൾക്ക് പട്ടയം നൽകി വരുന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) 1960-ലെ കേരള ഭൂമി പതിവ് നിയമത്തെ അധികരിച്ചുണ്ടായ വിവിധ ഭൂമി പതിവ് ചട്ടങ്ങളും ഭൂപരിഷ്കരണ നിയമ പ്രകാരവുമാണ് ഭൂമി പതിച്ചു നൽകി വരുന്നത്. പഞ്ചായത്ത് പ്രദേശത്ത് 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും മുൻസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ 1995-ലെ മുൻസിപ്പൽ/കോർപ്പറേഷൻ പതിവ് ചട്ടങ്ങൾ പ്രകാരവും അർഹരായവർക്ക് പട്ടയം നൽകി വരുന്നു. മേൽ ചട്ടങ്ങൾ പ്രകാരം ഭൂമി പതിച്ചു നൽകുന്നതിന് അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 01.01.1977-ന് മുമ്പ് വനഭൂമിയിൽ കുടിയേറി കൃഷി ചെയ്തു വരുന്ന, റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധനാ ലിസ്റ്റിൽപ്പെട്ടവർക്ക് 1993-ലെ വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ പ്രത്യേക ചട്ടങ്ങൾ പ്രകാരവും പട്ടയം നൽകി വരുന്നു. |
| (ബി) പട്ടയം വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) പട്ടയത്തിന് അർഹരായവർക്ക് ഭൂരഹിത രില്ലാത്ത കേരളം പദ്ധതി മുഖേനയും, പട്ടയമേളകൾ സംഘടിപ്പിച്ചും പട്ടയം വിതരണം ചെയ്തു വരുന്നു. |

**സെക്ഷൻ ഓഫീസർ**